പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4743 18.12.2014-ലെ മറുപടിക്ക്

**മിച്ച ഭൂമികളിൽ താമസിക്കുന്നവർക്ക് ഭൂമി ലഭ്യമാക്കാൻ നടപടി**

**ചോദ്യം**
ശ്രീ.കെ.എൻ.എ.ഖാദർ

**മറുപടി**
ശ്രീ.അടൂർപ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2005 -ലെ കേരള ലാന്റ് റിഫോംസ് അമെന്റ്മെന്റ് ആക്ടിലെ വകുപ്പ് 7 ഇ. പ്രകാരം മിച്ച ഭൂമികളിൽ താമസിക്കുന്ന ആളുകളെ കേസ്സുകളിൽ നിന്നും ഒഴിവാക്കി ഭൂമി അവർക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | കേരള ഭൂപരിഷ്കരണ നിയമം നിലവിൽ വന്നത് മുതൽ കേരള ഭൂപരിഷ്കരണ (ഭേദഗതി) നിയമം, 2005 പ്രാബല്യത്തിൽ വന്നതുവരെയുള്ള കാലയളവിൽ മിച്ചഭൂമിയാണ് എന്നറിയാതെ ജന്മിമാരിൽ നിന്നും വില നൽകി വാങ്ങിയതോ മറ്റ് വിധത്തിലോ നാല് ഏക്കർ ഭൂമി വരെ കൈവശം വച്ചുവരുന്നവരെ കുടിയാനായി കണക്കാക്കുന്നതിനായിട്ടാണ് കേരള ഭൂപരിഷ്കരണ (ഭേദഗതി) ബില്ല്-2013 ലൂടെ ലക്ഷ്യമിടുന്നത്. ടി ബില്ല് കേരള നിയമസഭ പാസാക്കിയിട്ടുണ്ട്. ആയത് ഇന്ത്യൻ പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.<br><br>പ്രസിഡന്റിന്റെ അംഗീകാരം ലഭിച്ചതിനു ശേഷം ടി നിയമത്തിനാവശ്യമായ ചട്ടങ്ങൾ രൂപീകരിച്ച് ആയത് പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.<br><br>കുടിയാന്റെ നിർവ്വചനം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | നിലവിൽ കുടിയാൻമാർ എന്നതിന്റെ നിർവചനമെന്താണ്; ജൻമിമാരാൽ കബളിപ്പിക്കപ്പെട്ട് മിച്ചഭൂമി വിലയ്ക്കുവാങ്ങിയ കർഷകർക്ക് ഭൂമിയുടെ സ്ഥിരാവകാശം നൽകുമെന്ന 2011-12 ലെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രസ്താവന നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | |

സെക്ഷൻ ഓഫീസർ

## അനുബന്ധം

'കുടിയാൻ' എന്നതിന് ഏതെങ്കിലും ഭൂമി കൈവശം വച്ചനുഭവിക്കുവാൻ, ആ ഭൂമി പാട്ടത്തിനു നൽകുവാൻ അവകാശപ്പെട്ട ആളുടെ അനുവാദം കിട്ടുന്നതിനുവേണ്ടി, പാട്ടമോ മറ്റു പ്രതിഫലമോ കൊടുക്കുകയോ കൊടുക്കുവാൻ സമ്മതിക്കുകയോ ചെയ്തിട്ടുള്ള ആൾ എന്നർത്ഥമാകുന്നതും, അതിൽ:-

(a) പാട്ടമോ മറ്റു പ്രതിഫലമോ കൊടുക്കുകയോ കൊടുക്കുവാൻ സമ്മതിക്കുകയോ ചെയ്തിട്ടുള്ളയാളുടെ അവകാശിയോ, തീറുകാരനോ, നിയമാനുസൃത പ്രതിനിധിയോ അഥവാ അങ്ങനെയുള്ള ഏതെങ്കിലും ആൾ മുഖേന അവകാശം ലഭിക്കുന്നയാളോ,

(aa) മദ്ധ്യവർത്തിയും,

(b) കാണക്കാരനും,

(c) കാണം കുഴിക്കാണക്കാരനും,

(d) കുഴിക്കാണക്കാരനും,

(dd) ഒറ്റി കുഴിക്കാണംദാരും,

(e) മൂൾഗനിദാരും,

(f) ഏതെങ്കിലും വിവരണത്തിൽപ്പെട്ട വെറുംപാട്ടക്കാരനും (നാട്ടാചാരപ്രകാരമുള്ള വെറും പാട്ടക്കാരൻ ഉൾപ്പെടുന്നു.)

(g) ചാൽഗനിപാട്ടച്ചാർത്തുകാരനും,

(h) കുടിയിരുപ്പുകൈവശക്കാരനും,

(hh) കുഴിച്ചുവയ്പും കുടിയിരുപ്പുപ്രകാരം ഭൂമി കൈവശം വയ്ക്കുന്ന ഒരാളും;

(hhh) കാരായ്മ കൈവശക്കാരനും;

(i) വൈദാഗനിപാട്ടച്ചാർത്തുകാരനും,

(j) 4-ാം വകുപ്പോ 4എ എന്ന വകുപ്പോ, 5-ാം വകുപ്പോ, 6-ാം വകുപ്പോ, 6എ എന്ന വകുപ്പോ, 6ബി എന്ന വകുപ്പോ, 7-ാം വകുപ്പോ, 7എ എന്ന വകുപ്പോ, 7ബി എന്ന വകുപ്പോ, 7സി എന്ന വകുപ്പോ, 7ഡി എന്ന വകുപ്പോ, 7ഇ എന്ന വകുപ്പോ, 8-ാം വകുപ്പോ, 9-ാം വകുപ്പോ, 10-ാം വകുപ്പുപ്രകാരം കുടിയാനായി കരുതപ്പെടുന്നയാളോ അഥവാ 11-ാം വകുപ്പുപ്രകാരം കുടിയാനായി സങ്കല്പിക്കപ്പെടുന്നയാളോ ഉൾപ്പെടുന്നതുമാകുന്നു

വിശദീകരണം-ഈ ഖണ്ഡത്തിന്റെ ആവശ്യങ്ങൾക്കായി

(i) ''ചാൽഗനി'' പാട്ടച്ചാർത്തുകാരൻ എന്നതിന് കണ്ണൂർ ജില്ലയിൽ ഹോസ്ദുർഗ് താലൂക്കിലോ കാസർകോട് താലൂക്കിലോ സ്ഥിതി ചെയ്യുന്ന പ്രത്യേകസ്ഥാവരവസ്തു സംബന്ധിച്ച് ഏതൊരാൾ സ്പഷ്ടമായോ വ്യംഗ്യമായോ ആ ഭൂമി ഒരു പ്രത്യേക കാലത്തേക്കായാലും, അല്ലെങ്കിലും പാട്ടച്ചാർത്തുപ്രകാരം കൈവശം വയ്ക്കുവാൻ കരാർ ചെയ്തിരിക്കുന്നുവോ അങ്ങനെയുള്ള പാട്ടച്ചാർത്തുകാരൻ എന്നോ, കീഴ്പാട്ടച്ചാർത്തുകാരൻ എന്നോ അർത്ഥമാകുന്നു.

(ii) '' മൂൾഗനി '' എന്നാൽ മൂൾഗനിദാർ എന്നു വിളിക്കുന്ന ഒരാളുടെ പേരിൽ നിശ്ചിതവും, മാറ്റം വരാത്തുമായ പാട്ടത്തിന് ശാശ്വതമായി സൃഷ്ടിച്ച കുടിയായ്മ എന്നർത്ഥമാകുന്നു.

(iii) ''വൈദാഗനി പാട്ടച്ചാർത്ത്'' എന്നാൽ കുറെ വർഷങ്ങൾക്കുള്ള പാട്ടച്ചാർത്ത് എന്നർത്ഥമാകുന്നു.